"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ്- ഓപ്പറേഷൻ വാഹിനി 2026-27-മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായും എറണാകുളം ജില്ലയിൽ ചെയ്യുന്ന 58 പ്രവൃത്തികൾക്കായും ഭരണാനുമതിയും തുകയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.204/2026/DMD തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:- എറണാകുളം ജില്ലാ കളക്ടറുടെ 23.04.2026 തീയതിയിലെ DCEKM/3922/2026-D3 നം കത്ത്

**ഉത്തരവ്**

മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജില്ലയിലെ പ്രധാന നദികളായ പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി 2026-27 സാമ്പത്തിക വർഷത്തിൽ ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന്, എക്സിക്യൂട്ടീവ് എൻജിനിയർ എറണാകുളം ഡിവിഷൻ, 41 പ്രവൃത്തികൾക്കായി 2.5 കോടി രൂപയുടെ പ്രൊപ്പോസലും എക്സിക്യൂട്ടീവ് ഇൻജിനിയർ മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളം 17 പ്രവൃത്തികൾക്കായി 2.5 കോടി രൂപയുടെ പ്രൊപ്പോസലും ഉൾപ്പടെ 5 കോടി രൂപയുടെ പ്രൊപ്പോസൽ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിയ്ക്കണമെന്നും, കൂടാതെ മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും എറണാകുളം ജില്ലയുടെ പ്രത്യക സാഹചര്യം പരിഗണിച്ച് അധികമായി 5 കോടി രൂപ അനുവദിച്ചു നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2. മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ ഓപ്പറേഷൻ വാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തി പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി എക്സിക്യൂട്ടീവ് എൻജിനിയർ

എറണാകുളം ഡിവിഷൻ 41 പ്രവൃത്തികൾക്കായി ലഭ്യമാക്കിയ 2.5 കോടി രൂപയുടെ പ്രൊപ്പോസലും എക്സിക്യൂട്ടീവ് എൻജിനിയർ മൈനർ ഇറിഗേഷൻ ഡിവിഷൻ എറണാകുളം 17 പ്രവൃത്തികൾക്കായി ലഭ്യമാക്കിയ 2.5 കോടി രൂപയുടെ പ്രൊപ്പോസലും ഉൾപ്പടെ 5 കോടി രൂപയുടെ പ്രവ◌ൃത്തികൾക്കായി 2245-02- 122-99 Repairs and restoration of damaged irrigation and flood control works എന്ന ശീർഷകത്തിൽ നിന്നും SEC യുടെ റാറ്റിഫിക്കേഷനു വിധേയമായി **5 കോടി** രൂപ എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നു. കൂടാതെ,എറണാകുളം ജില്ലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് മൺസൂൺ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ചിലവുകൾക്കായി **5 കോടി** രൂപ 2245-02- 101-94 Flood other items എന്ന ശീർഷകത്തിൽ നിന്നും SEC യുടെ റാറ്റിഫിക്കേഷനു വിധേയമായി എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നു.

മേൽ വിശദീകരിച്ച പ്രകാരം ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും 10 കോടി രൂപ എറണാകുളം ജില്ലാ കളക്ടർക്കു അലോട്ട് ചെയ്തു നൽകുന്നതിന് ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു .

4. നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചു,സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) (എ & ഇ) ,തിരുവനന്തപുരം
കമ്മിഷണർ ദുരന്തനിവാരണം
ചീഫ് എൻജിനിയർ ഇറിഗേഷൻ
ജലവിഭവ(ഇറിഗേഷൻ) വകുപ്പ്
ജില്ലാകളക്ടർ, എറണാകുളം
ജില്ലാ ട്രഷറി ഓഫീസർ,എറണാകുളം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോരിറ്റി
ഫിനാൻസ് ഓഫീസർ , ദുരന്ത നിവാരണ വകുപ്പ്
വെബ് & ന്യൂ മീഡിയ ,ഐ & പി ആർ ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 29-04-2026 14:21:16**

സെക്ഷൻ ഓഫീസർ